LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്ന് തവണ. (8-8-2011, 11-11-2012, 20-5-2014)

(ബി) ഡീസൽ, സ്പെയേഴ്സ്, ലൂബ്രിക്കൻസ് ഇവയിലുണ്ടാകുന്ന വില വർദ്ധനവിന്റെ അടിസ്ഥാനത്തിലും ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, പെൻഷൻ, ബസ്സിന്റെ ഇൻഷ്വറൻസ് പ്രീമിയം തുടങ്ങി മറ്റ് അനുബന്ധ ചെലവുകളിലുണ്ടാകുന്ന വർദ്ധനവിന്റെ വെളിച്ചത്തിലുമാണ് കാലാകാലങ്ങളിൽ സർക്കാർ ബസ് ചാർജ്ജ് വർദ്ധിപ്പിക്കുന്നത്.

(സി) 8-8-2011-ൽ 9.28 ശതമാനവും 11-11-2012-ൽ 18.24 ശതമാനവും 20-5-2014-ൽ 15.60 ശതമാനവും വർദ്ധനവ് ടിക്കറ്റ് നിരക്കിൽ ഉണ്ടായിട്ടുണ്ട്.

(ഡി) പരിശോധിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന പെൻഷൻ ബാധ്യത നിറവേറ്റുന്നതിനായുള്ള തുക കണ്ടെത്താൻ കഴിയാത്തതും കെ.റ്റി.ഡി.എഫ്.സി.-യിൽ നിന്നും കൂടിയ പലിശ നിരക്കിൽ (14.50 മുതൽ 16.25 ശതമാനം വരെ) വായ്പയെടുത്ത് വന്നതിന്റെ തിരിച്ചടവ് ഇനത്തിൽ 50 കോടി രൂപയോളം പ്രതിമാസം ചെലവഴിക്കേണ്ടി വരുന്നതുമാണ് കോർപ്പറേഷന് സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നതിന്റെ ഒരു പ്രധാന കാരണം. ഇതിനുപുറമെ, പ്രതിമാസം പെൻഷൻ വിതരണത്തിനായി വീണ്ടും വീണ്ടും കെ.റ്റി.ഡി.എഫ്.സി. യിൽ നിന്നും വായ്പ എടുക്കേണ്ടി വരുന്നതു വഴി വായ്പാ തിരിച്ചടവ് തുക പ്രതിമാസം വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. കൂടാതെ സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ വിവിധ വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് സൗജന്യയാത്ര അനുവദിക്കുന്നത് വഴിയും കെ.എസ്.ആർ.ടി.സി.-ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ട്.

വാഹനാപകടങ്ങൾ

325 (329) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2015 ജനുവരി മുതൽ മേയ് വരെ കോഴിക്കോട് ജില്ലയിൽ ദേശീയ പാതയിലും സംസ്ഥാനപാതയിലുമായി എത്ര വാഹന അപകടങ്ങളിലായി എത്ര മരണങ്ങളുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(ബി) മഴക്കാലത്ത് റോഡ് അപകടങ്ങൾ ഇല്ലാതാക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(സി) കോഴിക്കോട്- കണ്ണൂർ, കോഴിക്കോട്-കുറ്റിയാടി റൂട്ടിലെ സ്വകാര്യ ബസ്സുകളുടെ മത്സര ഓട്ടം മൂലമുണ്ടാകുന്ന അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത റൂട്ടുകളിൽ ഓടുന്ന സ്വകാര്യ ബസ്സുകൾ സ്പീഡ് ഗവർണർ ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ മുഴുവൻ ബസ്സുകളും അടിയന്തിരമായി പരിശോധിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2015 ജനുവരി മുതൽ മേയ് വരെ കോഴിക്കോട് ജില്ലയിൽ ദേശീയ പാതയിൽ 344 വാഹനാപകടങ്ങളിൽ 78 പേർ മരണപ്പെടുകയും സംസ്ഥാന പാതയിൽ 52 വാഹനാപകടങ്ങളിൽ 24 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്.

(ബി) റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ യഥാസമയം PWD അധികാരികളെ അറിയിച്ചും റോഡിന്റെ പല ഭാഗത്തുമായി മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും, ഡ്രൈവേഴ്സ് യൂണിയനുകളെ സംഘടിപ്പിച്ച് സ്റ്റുഡൻസ് പോലീസിന്റെ സഹകരണത്തോടെ ബോധവൽക്കരണം നടത്തിയും മഴക്കാലത്ത് റോഡപകടങ്ങൾ ഇല്ലാതാക്കാൻ ശ്രമിച്ചുവരുന്നു. അമിതവേഗത, റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിതവേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിന് പ്രത്യേക ശ്രദ്ധപതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിയ്ക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുകയും സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയവയും നടപ്പിലാക്കിവരുന്നു. ജില്ലാതലത്തിൽ സ്പീഡ്ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റുവകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികൾ എടുക്കുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തിച്ചുവരുന്നു. മഴക്കാലത്തിന് മുന്നോടിയായി പ്രത്യേക പ്രീ-മൺസൂൺ പരിശോധനകളും നടത്തിവരുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 8 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്വകാര്യ ബസുകളുടെ മത്സരഓട്ടം നിയന്ത്രിക്കുവാനായി വാഹന പരിശോധന നടത്തിയും സിഗ്നൽ ബോർഡുകൾ സ്ഥാപിച്ചും ഡ്രൈവർമാർക്ക് ബോധവൽക്കരണ ക്ലാസുകൾ നൽകിയും അതിവേഗതക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഈ വിഷയത്തിൽ അടിയന്തരമായി വാഹന പരിശോധന നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.